# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 28/05/ 2020

---

## നിബന്ധനകൾ ലംഘിച്ച് അമിതമായി യാത്രക്കാരെ കയറ്റിയ 7 ബസുകൾ പോലീസ് പിടികൂടി

കൊല്ലം : മാസ്ക് ധരിക്കണമെന്ന ഉത്തരവ് നിലവിലിരിക്കെ ആയത് ലംഘിച്ച് പൊതുസ്ഥലങ്ങളിൽ സഞ്ചരിച്ചതിന് 112 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു. ലോക്-ഡൗൺ നിബന്ധനകൾ ലംഘിച്ചതിന് കൊല്ലംസിറ്റി പരിധിയിൽ 105 പേർക്കെതിരെകേസ്രജിസ്റ്റർ ചെയ്തു. 50 വാഹനങ്ങൾ പിടിച്ചെടുത്തു.ഇതിലേക്ക് 90 കേസുകൾ രജിസ്റ്റർ ചെയ്തു.നിബന്ധനകൾ ലംഘിച്ച് കൊല്ലത്ത് നെല്ലിമുക്ക്റാണി ഹോട്ടൽ, പാരിപ്പള്ളിയിൽ ശ്രീരാമപുരത്ത് സ്റ്റേഷനറി സ്റ്റോർ എന്നിവ നിബന്ധനകൾ ലംഘിച്ച് പ്രവർത്തിപ്പിച്ചതിന് സ്ഥാപന ഉടമകൾക്കെതിരെകേസ്രജിസ്റ്റർ ചെയ്തു.അനുവദനീയമായ എണ്ണത്തിൽകൂടുതൽ യാത്രക്കാരെസാമൂഹ്യഅകലം പാലിക്കാതെകയറ്റിയതിന് 7 സ്വകാര്യ ബസുകൾ പിടിച്ചെടുക്കുകയും കണ്ടക്ടർമാർക്കെതിരെകേസ്രജിസ്റ്റർ ചെയ്യുകയും ചെയ്തു.കൊവിഡ്-19 വ്യാപനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഹോം, ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈനിൽ പ്രവേശിപ്പിച്ചിരിക്കുന്നവർ ക്വാറന്റൈൻ ലംഘനം നടത്തുന്നില്ലാ എന്നുറപ്പ്വരുത്താൻ കർശന സുരക്ഷാസംവിധാനമാണ് പോലീസ് ഒരുക്കിയിരിക്കുന്നത്. പൊതുസ്ഥലങ്ങളിൽ സഞ്ചരിക്കുന്നവർ കർശനമായും മാസ്ക് ധരിക്കേണ്ടതാണെന്നും വ്യാപാര സ്ഥാപനങ്ങൾ ശുചീകരണ സംവിധാനങ്ങൾ ഒരുക്കി സാമൂഹ്യഅകലം പാലിക്കുന്നവിധത്തിൽ ജനങ്ങളെ പ്രവേശിപ്പിക്കേണ്ടതാണെന്നും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.പോലീസിനെ സഹായിക്കുന്നതിനായി സിറ്റി പോലീസ് പരിധിയിലെ 16 സ്റ്റേഷനുകളിലും പോലീസ്വോളന്റിയർമാരെ തെരഞ്ഞെടുത്ത് നിയോഗിച്ചിട്ടുള്ളതാണ്.